# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 3)355/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/04/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 3)355/2022 തീയ്യതി: 20/04/2022

## തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-06-2019 മുതൽ 17-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാജി.കെ. | ജോയിന്റ് ഡയറക്ടർ | 21-12-2021 | 27-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-12-2021 | 27-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

റാം മനോഹർ.വി.കെ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
സുധ.ഇ.എൻ. അസി.ഓഡിറ്റ് ഓഫീസർ
സുനിൽ.പി.ബി.അസി.ഓഡിറ്റ് ഓഫീസർ
ജിജോ ജോബ്. സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കുമാരി. എ.വി.സുമതി. | പ്രസിഡന്റ് | 01-04-2020 | 17-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 18-11-2020 | 29-12-2020 |
| ശ്രീമതി ആൻസി വില്ല്യംസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.രാഹുൽ .ജി. കൃഷ്ണന് | സെക്രട്ടറി | 01-04-2020 | 13-08-2020 |
| ശ്രീ.ജയൻ.വി.ജി. | സെക്രട്ടറി | 14-08-2020 | 08-01-2021 |
| ശ്രീ.ബൈജു.എം. | സെക്രട്ടറി | 09-01-2020 | 17-01-2020 |
| ശ്രീമതി.റഹീമ.വി.വി. | സെക്രട്ടറി | 18-01-2021 | 31-03-2021 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സിബി.എ.പി. | അസി.എക്സി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജയ.ഒ.ആർ. | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2020 | 31-03-2021 |
| ശ്രീമതി.രജനി.എ. | പട്ടിക ജാതി വികസന ഓഫീസർ ഗ്രേഡ്-1 | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീജ.എസ്. | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീമതി.ശുഭ നാരായണൻ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 01-06-2020 | 16-09-2020 |
| ശ്രീമതി.മേരി പുഷ്പ ജയന്തി | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 17-09-2020 | 14-10-2020 |
| ശ്രീമതി.മിനി.പി.കെ. | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 15-10-2020 | 09-12-2020 |
| ശ്രീമതി.ഷിബില.ജെ. | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 10-12-2020 | 31-03-2021 |
| ശ്രീമതി.വി.ജെ.റീന. | ക്ഷീരവികസന ഓഫീസർ | 01-04-2020 | 03-05-2020 |
| ശ്രീമതി.എസ്.കെ.ഗിരിജ. | ക്ഷീരവികസന ഓഫീസർ | 04-05-2020 | 31-05-2020 |
| ശ്രീമതി.ജാസ്മിൻ.സി.ജെ. | ക്ഷീരവികസന ഓഫീസർ | 01-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.വാസുദേവൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ശ്രീമതി.രുഗ്മിണി.ആർ | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2020 | 25-06-2020 |
| ശ്രീമതി.ലാൽസുണ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 26-06-2020 | 12-07-2020 |
| ശ്രീമതി.മിനി മേനോൻ.പി | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 13-07-2020 | 31-03-2021 |

**ഉള്ളടക്കം**

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ബ്ലോക്ക് പഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-5 |
| 8 | ക്യാഷ് പരിശോധന<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-6 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-7 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-8 |
| 11 | വാർഷിക ധനകാര്യ പത്രിക പരിശോധന<br>Written By: Sudha.E.N (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9 |
| 12 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sudha.E.N (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-1 |
| 13 | വരവ് രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-2 |
| 14 | ആസ്തി രജിസ്റ്റർ - വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Sudha.E.N (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-3 |
| 15 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരമല്ല<br>Written By: Sudha.E.N (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-4 |

| | | |
|---|---|---|
| 16 | ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നതിലെ അപാകതകൾ<br>Written By: Sudha.E.N (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-5 |
| 17 | Capital Work In Progress- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുക പൊരുത്തപ്പെടുന്നില്ല<br>Written By: Sudha.E.N (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-6 |
| 18 | വോട്ടിംഗ് മെഷീൻ -തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-7 |
| 19 | Capital Contribution - രേഖപ്പെടുത്തിയതിലെ അപാകത<br>Written By: Sudha.E.N (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-8 |
| 20 | ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-10 |
| 21 | ബ്ളോക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-11 |
| 22 | ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-12 |
| 23 | അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-13 |
| 24 | Scrap ലേലം ചെയ്ത് തുക മുതൽക്കൂട്ടി വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-14 |
| 25 | ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും നൽകൽ - ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 27-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-15 |
| 26 | ഓട്ടിസം സെന്ററിലേക്ക് പഠനോപകരണങ്ങൾ വാങ്ങൽ - അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 27-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-16 |
| 27 | അനുപൂരക പോഷകാഹാര പരിപാടി - ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 27-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-17 |
| 28 | വിവിധ പദ്ധതികൾ മുഖേന മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല,<br>Written By: Jeejo Job (Senior Grade Auditor, On 27-12-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 19-04-2022) | 1-18 |
| 29 | മരുന്നുകൾ വാങ്ങൽ പദ്ധതികൾ - രേഖകൾ | 1-19 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 27-12-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 19-04-2022) | |
| 30 | ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് പദ്ധതി - അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 27-12-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 19-04-2022) | 1-20 |
| 31 | പെയിൻ & പാലിയേറ്റീവ് പദ്ധതി- ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 27-12-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 19-04-2022) | 1-21 |
| 32 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 28-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-22 |
| 33 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൊണ്ട് ലഭ്യമായില്ല<br>Written By: Sudha.E.N (Asst. Audit Officer, On 28-12-2021)<br>Last Updated By: Dhanya.A (Auditor, On 18-04-2022) | 1-23 |
| 34 | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ രേഖകൾ ലഭ്യമല്ലാത്തതിനാൽ പരിശോധിക്കാനായില്ല<br>Written By: Sudha.E.N (Asst. Audit Officer, On 28-12-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 19-04-2022) | 1-24 |
| 35 | തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക സുലേഖ ചെലവുപത്രികയിൽ നിന്നും ഒഴിവാക്കി<br>Written By: Sudha.E.N (Asst. Audit Officer, On 28-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-25 |
| 36 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-26 |
| 37 | മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-27 |
| 38 | ആത്രശ്ശേരി കോളനി കുടിവെള്ള പദ്ധതി (കാട്ടകാമ്പാൽ ഗ്രാ. പ)- അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-28 |
| 39 | കുടിവെള്ള പദ്ധതി കൈമാറിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-29 |
| 40 | കോടശ്ശേരി പടിഞ്ഞാറെ കോളനി കുടിവെള്ള പദ്ധതി (വേലൂർ ഗ്രാ. പ) – പൂർത്തീകരണത്തിന് ശേഷം കൈമാറിയതിന് രേഖകൾ ഹാജരാക്കിയില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-30 |
| 41 | റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ - കെട്ടിടനിർമ്മാണം - അപാകതകൾക്ക് മറുപടി | 1-31 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | |
| 42 | ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ബെയിലിംഗ് മെഷീൻ - ഉപയോഗത്തിലില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-32 |
| 43 | MORD സ്പെസിഫിക്കേഷൻ 800 ലെ ആവശ്യകതയേക്കാൾ കൂടുതൽ അളവിൽ Dry Aggregate ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - നിരക്ക് ഉയർന്ന് നിൽക്കുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 19-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ്<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 19-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-04-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 19.03.20 ലെ തീരുമാനം 1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയുണ്ടായി. 24.03.20ലെ ഭരണസമിതി യോഗത്തിൽ വൈസ് പ്രസിഡന്റ് കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇതനുസരിച്ച് മുൻബാക്കി 4,16,65,201 രൂപയും, പ്രതീക്ഷിത വരുമാനം 35,30,53,000 രൂപയും ചേർത്ത് ആകെ വരവ് 39,47,18,201 രൂപയും ആകെ ചെലവ് 39,46,24,658 രൂപയും നീക്കിബാക്കി 93,543 രൂപയും ആണ്. തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 25.03.20 ലെ തീരുമാനം 1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് വ്യത്യാസങ്ങളില്ലാതെ അംഗീകരിച്ചു. 15.02.21 ലെ യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 12.02.21 ൽ അംഗീകരിച്ച) 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 1,13,85,563 രൂപയും, പ്രതീക്ഷിത വരുമാനം 38,71,71,106രൂപയും ചേർത്ത് ആകെ വരവ് 39,85,56,669 രൂപയും ആകെ ചെലവ് 39,68,68,856 രൂപയും നീക്കിബാക്കി 16,87,813 രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ബ്ലോക്ക് പഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനുവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ബ്ലോക്ക് പഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച ബ്ലോക്ക് പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥ കണക്കുകളെ ആസ്പദമാക്കിയിട്ടല്ല പുതുക്കിയ ബജറ്റിൽ മുന്നിരിപ്പ് നിർണ്ണയിച്ചിരിക്കുന്നത്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യു വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യു ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ ഇപ്രകാരം പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214(2) വകുപ്പനുസരിച്ച്, ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള പ്രവർത്തന നീക്കിയിരിപ്പ് നടപ്പുവർഷത്തെ മതിപ്പ് വരവിൽ എൻഡോവ്മെന്റുകളിലും സർക്കാർ ഗ്രാന്റുകളിലും അംശദായങ്ങളിലും ഋണശീർഷകങ്ങളിലും നിന്നുള്ള വരവുകൾ എന്നിവ ഒഴികെയുള്ളതിന്റെ അഞ്ചുശതമാനത്തിൽ കുറയാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാണ്. മേൽ വിവരിച്ച പത്രികകളുടെ അഭാവം ബജറ്റിൽ ചേർത്ത പ്രവർത്തന നീക്കിയിരിപ്പ് ഈ വ്യവസ്ഥപ്പെടുത്തൽ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതാണ്.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

18.05.20 ലെ വികസനസ്റ്റാന്റിംഗ് കമ്മറ്റി ശിപാർശ അനുസരിച്ച്, 2020-21 സാമ്പത്തികവർഷത്തെ അംഗീകാരം ലഭിച്ച വിവിധ പ്രോജക്ടുകളിൽ സാമ്പത്തിക വ്യതിയാനം അടക്കം വരുത്തി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം 19.05.20 ലെ ഭരണസമിതി തീരുമാനം 2(5) അനുസരിച്ച് 40പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

16.07.20 ലെ വികസനസ്റ്റാന്റിംഗ് കമ്മറ്റി ശിപാർശ അനുസരിച്ച്, 2020-21 സാമ്പത്തികവർഷത്തെ അംഗീകാരം ലഭിച്ച വിവിധ പ്രോജക്ടുകളിൽ സാമ്പത്തിക വ്യതിയാനം അടക്കം വരുത്തി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം 16.07.20 ലെ ഭരണസമിതി തീരുമാനം 1(1) അനുസരിച്ച് 83 പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ സാമാന്യമായി പാലിച്ചതായി കരുതാനാകില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.7.18 | 11.06.19 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,32,29,847 |
| വരവ് | 8,95,87,459 |
| ആകെ | 11,28,17,306 |
| ചെലവ് | 10,11,34,396 |

| | |
|---|---|
| നീക്കിയിരിപ്പ് | 1,16,82,910 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 34763552 | 34763552 | 34480588 | 282964 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 21168000 | 21168000 | 18990311 | 2177689 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6066018 | 6066018 | 5172079 | 893939 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ്) | | 6530000 | 6530000 | 3840606 | 2689394 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | 6530000 | 6530000 | 894975 | 5635025 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| T.S.C(MISC) | 1804148 | 233568 | 2037716 | 12432 | 2025284 |
| T.S.C(NP) | 2197374 | 60582 | 2257956 | 1698421 | 559535 |
| PMKSY | 71272 | 15884233 | 15955505 | 12972299 | 2983206 |
| IAY(PLAN) | 4191515 | 134082 | 4325597 | 603626 | 3721971 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 121 | 154612155 | 90 | 66130253 | 21 | 10 | 74.38% |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരുപ്പില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 15-11-2021 മുതൽ 16-11-2021 വരെ | 2020-21 | 01.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.05.2019-21.05.2019 | 2014-2015 To 2018-19 | 17.06.2019 |

## 1-8 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 വാർഷിക ധനകാര്യ പത്രിക പരിശോധന

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്കുള്ള മറുപടി അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.4/20-12-2021)

## 1-9-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ് ).

## 1-9-2 വരവ് രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). എന്നാൽ, ഓഡിറ്റിന് ഹാജരാക്കിയ ടെണ്ടർ ഫോം വില്പന എന്നിവയുടെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ പ്രത്യേകം പ്രത്യേകം സൂക്ഷിച്ച് പരിപാലിച്ചുവരുന്നതായാണ് പരിശോധനയിൽ കണ്ടത്. അവ വാർഷിക കണക്കിൽ ചേർത്തിരിക്കുന്ന വരുമാന തുകയുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ അവയുടെ കൃത്യത വാർഷിക കണക്കുമായി ഒത്തു പോകുന്നതാണെന്ന് പരിശോധിക്കുന്നതിനായില്ല.

## 1-9-3 ആസ്തി രജിസ്റ്റർ - വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-9-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരമല്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)1,1546,937/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)2,70,94,218/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-9-5 ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നതിലെ അപാകതകൾ

എ) ഡെപ്പോസിറ്റ് രജിസ്റ്റർ പ്രതിവർഷ മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്ന മാതൃകയിൽ പരിപാലിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ബി) അഡ്വാൻസ് രജിസ്റ്റർ പ്രതിവർഷ മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്ന മാതൃകയിൽ പരിപാലിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B18 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-9-6 Capital Work In Progress- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുക പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസി. എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/03/21 വരെ പാർട്ട് ബിൽ നൽകിയതും എന്നാൽ 31/03/2021-ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക ₹1,65,93,284. 31/03/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക ₹13,13,902/- രൂപയാണ്. പ്രസ്തുത കണക്കുകൾ തമ്മിൽ പൊരുത്തപെടുന്നില്ല.

## 1-9-7 വോട്ടിംഗ് മെഷീൻ -തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) രണ്ടാം ഗഡു (GO(Rt.) No.4444/2020/Fin. Dtd. 03.08.20 പ്രകാരം) അനുവദിച്ചപ്പോൾ ത്രിതല പഞ്ചായത്തുകളിലേക്ക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്ക് ആവശ്യമായ തുകയുടെ 50% കുറവ് ചെയ്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ 61982/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഈ ചെലവ് വാർഷിക കണക്കിൽ (ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ) ഉൾപ്പെട്ടിട്ടില്ല.

## 1-9-8 Capital Contribution - രേഖപ്പെടുത്തിയതിലെ അപാകത

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 " Capital Contribution" ഇനത്തിലെ ₹5,67,82,234/- എന്ന അതേ തുകയാണ് 31/3/2021 ലെ ബാലൻസ്ഷീറ്റിലും ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-10 ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 163 ാം വകുപ്പ് ഓരോ പഞ്ചായത്തിനും പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരം പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 165 ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം പ്രവർത്തന കമ്മിറ്റികളോ, ജോയിന്റ് കമ്മിറ്റികളോ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.01/20.12.21) ലഭ്യമാക്കിയ മറുപടി അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം കമ്മറ്റികളൊന്നും രൂപീകരിച്ചിട്ടില്ലെന്നും ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും ആണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം മധ്യതലത്തിൽ സൃഷ്ടിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ നാലാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം കമ്മറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ബ്ളോക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കേണ്ടതാണ്

ഓരോ പഞ്ചായത്തും വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന്

വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ച് വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരുപദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണെന്ന് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4) ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.2/20.12.21) ലഭ്യമാക്കിയ മറുപടി പ്രകാരം പതിനഞ്ച് വർഷക്കാലത്തേക്കുള്ള പദ്ധതി രൂപീകരിച്ചതായി പഴയ റെക്കോർഡുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. നിയമവ്യവസ്ഥ പാലിക്കുന്നതിനുള്ള തുടർനടപടി ബ്ളോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-12 ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 192(1) ാം വകുപ്പ് പ്രകാരം, ഓരോ പഞ്ചായത്തും ഓരോ വർഷവും സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം അതിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്റ്റംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം പഞ്ചായത്തിന് നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞു വയ്ക്കാവുന്നതുമാണ്. അതിനാൽ 2020-21 വർഷത്തിൽ ബ്ളോക്ക് പഞ്ചായത്തിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.07/22.12.21) ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്രകാരം ഒരു റിപ്പോർട്ട് ബ്ളോക്ക് പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തുന്നില്ല. അതിനാൽ നിയമവ്യവസ്ഥ പാലിക്കാൻ ബ്ളോക്ക് പഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2020-21 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 08 തീ. 22.12.21 ) നൽകിയിരുന്നു.

1) ബ്ലോക്ക് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ബ്ലോക്ക് പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ബ്ലോക്ക് പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പിലായിട്ടില്ലെന്നും ആയത് എത്രയും പെട്ടെന്ന് നടപ്പിലാക്കാം എന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി

നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(ii) 19.05.20 ലെ ഭരണസമിതി തീരുമാനം 2(4) താഴെ ചേർക്കുന്നു.

"ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കടവല്ലൂർ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ് നിലവിലുണ്ടായിരുന്ന പെരുമ്പിലാവ് വില്ലേജിലെ സർവേ നമ്പർ 290/1 ലെ 15 സെന്റ് സ്ഥലം സംബന്ധിച്ച് ഭൂമി വിട്ടുതന്ന പരേതയായ പാത്തുകുട്ടി ഉമ്മയുടെ അനന്തരാവകാശികളായ നബീസക്കുട്ടി തുടങ്ങിയവർ മുഹമ്മദലി തുടങ്ങിയവരുമായി ചാവക്കാട് സബ് കോടതിയിൽ നടന്നു വരുന്ന ഐ.എ നം.1/2020, ഒ എസ് 3/2020 കേസ്സിൽ ഇഞ്ചക്ഷൻ ലഭിച്ചതിനാൽ ടി ഭൂമിയിൽ യാതൊരു പ്രവർത്തനവും പാടില്ലെന്ന അഡ്വ. അബൂബക്കർന്റെ കത്ത് യോഗം ചർച്ച ചെയ്യുകയും ഉചിത മറുപടി നൽകുവാനും തുടർന്ന് ആവശ്യമെങ്കിൽ നിയമ നടപടികൾ/വക്കീലിനെ ഏർപ്പെടുത്തുവാനും സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം ഐകകണ്ഠ്യേന അംഗീകരിച്ച് തീരുമാനിച്ചു."

(iii) 12.06.20 ലെ ഭരണസമിതി തീരുമാനം 2(1) താഴെ ചേർക്കുന്നു.

"ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണം 2018-19 പദ്ധതിയിൽ ഉൾപെടുത്തി ഗ്രൗണ്ട് വാട്ടർ വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി പോർക്കുളം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന വെട്ടിക്കടവ് കുടിവെള്ള പദ്ധതിയിൽ എസ്റ്റിമേറ്റ് പ്രകാരം 280 മീറ്റർ പൈപ്പ് ലൈൻ മാത്രമാണ് ഉൾപെടുത്തിയിരിക്കുന്നതെന്നും എന്നാൽ പദ്ധതിയുടെ ഫലപ്രദമായ പൂർത്തീകരണത്തിനായി 1250 മീറ്ററിലധികം പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ടെന്നും ആയതിനാൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ബന്ധപ്പെട്ട ബ്ലോക്ക് ഡിവിഷൻ മെമ്പർ അഭ്യർത്ഥിച്ചു. ടി വിഷയം ബ്ലോക്ക് പഞ്ചായത്ത് യോഗം ചർച്ച ചെയ്ത് അംഗീകരിക്കുകയും ഇതിനാവശ്യമായ അധികതുക നിലവിൽ ഗ്രൗണ്ട് വാട്ടർ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും നടപ്പാക്കാൻ സാധിക്കാത്തതുമായ പദ്ധതികളിൽ നിന്നും കണ്ടെത്തുന്നതിനും ഗ്രൗണ്ട് വാട്ടർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറെ ചുമതലപ്പെടുത്തി ഐകകണ്ഠ്യേന അംഗീകരിച്ച് തീരുമാനിച്ചു."

(iv) 04.11.20 ലെ ഭരണസമിതി തീരുമാനം 2(5) താഴെ ചേർക്കുന്നു.

"ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപെടുത്തി കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ആത്രശ്ശേരി കുടിവെള്ള പദ്ധതിയിൽ ആദ്യം കുഴിച്ച കുഴൽ കിണറിൽ വെള്ളം ലഭ്യമാകാഞ്ഞതിനാൽ രണ്ടാമതൊരു കുഴൽ കിണർ കൂടി കുഴിക്കേണ്ടതായിട്ടുണ്ട്. ഇതിനായി കണ്ടെത്തിയ സ്ഥലം പി.ഡബ്ലിയു.ഡി റോഡ് ആവുകയും ഇതിന് എൻ.ഒ സി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രദേശ വാസികളുടെ എതിർപ്പിനെ തുടർന്ന് തുടർച്ചയായ മൂന്നു തവണ കിണർ കുഴിക്കുന്ന മെഷ്യൻ വന്നിട്ടും കുഴൽ കിണർ കുഴിക്കാനാകാതെ പോവുകയാണ് ഉണ്ടായത്. സ്പിൽ ഓവർ പദ്ധതിയായി നിർവ്വഹണം ചെയ്യുന്ന പദ്ധതി തുടരാനാകാത്ത സാഹചര്യത്തിൽ പദ്ധതിയിൽ നിന്നും ഒഴിവാക്കിത്തരണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടതായി അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചത് യോഗം ചർച്ച ചെയ്തു. ആയത് പ്രകാരം നിലവിലെ പദ്ധതി ഉപേക്ഷിക്കുന്നതിനും പൂർത്തീകരിച്ച പദ്ധതിക്കുള്ള തുകയും ടിയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും നൽകികൊണ്ട് കരാറുകാരനെ പദ്ധതിയിൽ നിന്നും ഒഴിവാക്കി നൽകുന്നതിനും യോഗം ഐകകണ്ഠ്യേന അംഗീകരിച്ച് തീരുമാനിച്ചു."

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-14 Scrap ലേലം ചെയ്ത് തുക മുതൽക്കൂട്ടി വിവരം ലഭ്യമാക്കേണ്ടതാണ്

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കുൾപ്പെടെയുള്ള പൊതു കോൺഫറൻസ് ഹാളിന്റെ മേൽക്കൂരമാറ്റലും മറ്റ് വികസന പ്രവർത്തനങ്ങളും എന്ന പ്രോജക്റ്റിന്റെ (പ്രോജക്റ്റ് നമ്പർ 112/21) ഭാഗമായി ലഭ്യമായ Scrap അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 16445 രൂപക്ക് മൂല്യനിർണ്ണയം നടത്തി 25.08.20 ലെ നംപർ. E1/ ജനറൽ/സി.എച്ച്.എൻ.ആർ/2020 കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ലേല നടപടിക്കായി കൈമാറിയിട്ടുണ്ട്. അതിനാൽ പ്രസ്തുത Scrap ലേലം ചെയ്ത് തുക മുതൽക്കൂട്ടിയതിന്റെ വിശദാംശം ലേല ഫയൽ സഹിതം പരിശോധനക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (ഓഡിറ്റ് എൻക്വയറി നം.15/23.12.21) മറുപടി ലഭിച്ചില്ല. അതിനാൽ Scrap ലേലം ചെയ്ത് തുക മുതൽക്കൂട്ടി വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമമറുപടിയിൽ ചേർക്കേണ്ടതാണ്.

## 1-15 ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും നൽകൽ - ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും യാത്രബത്തയും (പ്രൊജക്ട് നമ്പർ 21/2020-21) എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി 21,97,945/- രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക അനുവദിച്ചിരിക്കുന്നത് ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കളുടെ വിവരങ്ങൾ സാംഖ്യ ഓൺലൈൻ ആയി മാപ്പ് ചെയ്ത് നൽകിയത് അംഗീകരിച്ച് നൽകിക്കൊണ്ടാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഫയൽ പ്രകാരം ടി തുക ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് അനുവദിച്ചിട്ടുള്ളതെന്നോ റികൺസിലേഷൻ വിവരങ്ങളോ ലഭ്യമല്ല. ആയത് സംബന്ധിച്ച യു.ടി.ആർ സ്റ്റേറ്റുമെന്റുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## <u>1-16 ഓട്ടിസം സെന്ററിലേക്ക് പഠനോപകരണങ്ങൾ വാങ്ങൽ - അപാകതകൾ</u>

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഓട്ടിസം സെന്ററിലേക്ക് പഠനോപകരണങ്ങൾ വാങ്ങൽ (116/21) എന്ന പദ്ധതി പ്രകാരം ആർട്ട്കോ യിൽ നിന്നും 198512/- രൂപയുടെ ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. ടി ഫർണിച്ചർ കൈപ്പറ്റിയത് സംബന്ധിച്ച സ്റ്റോക്ക് സർട്ടിഫിക്കറ്റ് ടാക്സ് ഇൻവോയ്സിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ടി സ്ഥാപനം കുന്ദംകുളം നഗരസഭ പരിധിയിലാണ് പ്രവർത്തിക്കുന്നതെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട്. ടി സ്ഥാപനം ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനമാണോ എന്നും സ്ഥാപനത്തിന്റെ പ്രവർത്തനത്തെക്കുറിച്ചും നിയന്ത്രണ സംവിധാനത്തെക്കുറിച്ചും വ്യക്തമാക്കേണ്ടതാണ്.

അപാകത പരിഹരിക്കേണ്ടതും മേൽ വിഷയം സംബന്ധിച്ച മറുപടി ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 5/21.12.21)

## <u>1-17 അനുപൂരക പോഷകാഹാര പരിപാടി - ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.</u>

പ്രൊജക്ട് നമ്പർ 71/2020-21 – അനുപൂരക പോഷകാഹാര പരിപാടി എന്ന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി 1175000/- രൂപ താഴെ പറയും പ്രകാരം തുക വകയിരുത്തിയതായി സി.ഡി.പി.ഒ യുടെ 25/08/2020 ലെ ഐ.സി.ഡി.എസ്/സി.എൻ.ആർ/745/18 പ്രകാരം ഗ്രാമപഞ്ചായത്തുകളെ അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | തുക |
|---|---|---|
| 1 | ചൊവ്വന്നൂർ | 107500 |
| 2 | കണ്ടാണശ്ശേരി | 160000 |
| 3 | ചൂണ്ടൽ | 160000 |
| 4 | വേലൂർ | 160000 |
| 5 | കടങ്ങോട് | 160000 |
| 6 | കടവല്ലൂർ | 160000 |
| 7 | കാട്ടകാമ്പാൽ | 160000 |
| 8 | പോർക്കുളം | 107500 |
| | ആകെ | 1175000 |

മേൽ തുക കൈമാറിയിരിക്കുന്നത് അതാത് ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് അക്കൗണ്ടിലേക്കാണോ അതോ ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ച ഗുണഭോക്താക്കൾക്കാണോ എന്ന് മനസ്സിലാക്കുന്നതിന് തുക കൈമാറിയതിന്റെ യു.ടി.ആർ പത്രിക ഫയലിൽ ലഭ്യമല്ല.

മേൽ പ്രകാരം തുക അനുവദിച്ചതിൽ കടവല്ലൂർ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള പഞ്ചായത്തുകളിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ വിനിയോഗ സാക്ഷ്യപത്രം ഉണ്ട്. കടവല്ലൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച 160000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമായിട്ടില്ല.

മേൽ ചെലവുകളുടെ യു.ടി.ആർ പത്രികകളും കടവല്ലൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം. 5/21.12.21) മറുപടി ലഭ്യമാക്കിയില്ല. മേൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## <u>1-18 വിവിധ പദ്ധതികൾ മുഖേന മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ</u>

**ലഭ്യമായില്ല,**

2020-21 വർഷം നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ മുഴവൻ തുകയ്ക്കും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പരും | മുൻകൂർ നൽകിയ തുക | വൗച്ചർ നം./ തീയതി | നാളിതു വരെ ലഭ്യമായ മരുന്നുകളുടെ മൂല്യം | ബാക്കി ലഭിക്കേണ്ട മരുന്നുകളുടെ മൂല്യം |
|---|---|---|---|---|
| സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ65/2021 | 10,00,000 | 22000240/06.08.20 | 2,32,604 | 7,67,396 |
| ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ - 64/21 | 9,99,862 | 22000239/06.08.20 | 3,01,830 | 6,98,032 |
| പെയിൻ & പാലിയേറ്റീവ് സെക്കണ്ടറി കെയർ -61/21 | 2,31,528<br>1,65,968 | 22000315/15.09.20<br>22000768/26.03.21 | ലഭ്യമായിട്ടില്ല<br>ലഭ്യമായിട്ടില്ല | 2,31,528<br>1,65,968 |

മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി ഫയലിൽ ഇല്ല. മരുന്നുകൾ ലഭ്യമാകാതിരിക്കുന്നത് ആശുപത്രി സേവനങ്ങളെയും പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങളെയും ബാധിക്കുന്നുണ്ടോ എന്ന് മോണിറ്ററിംഗ് സമിതി യഥാസമയം പരിശോധിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി മോണിറ്ററിംഗ് റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.20/24.12.21)

## 1-19 മരുന്നുകൾ വാങ്ങൽ പദ്ധതികൾ - രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1. ഓഡിറ്റിന് ലഭ്യമാക്കിയ 65/21- സി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ പ്രൊജക്ട് ഫയലിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. പ്രൊജക്ട് നമ്പർ 61/21- പെയിൻ & പാലിയേറ്റീവ് സെക്കണ്ടറി കെയർ എന്ന പ്രൊജക്ട് പ്രകാരം കെ.എം.എസ്.സി.എല്ലിന് 165968/- രൂപ നൽകിയിട്ടുണ്ടെങ്കിലും പ്രൊഫോർമ ഇൻവോയ്സ് ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.20/24.12.21)

## 1-20 ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് പദ്ധതി - അപാകതകൾ

എ) 2020-21 വർഷത്തിൽ നടപ്പാക്കിയ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് (66/21) പ്രൊജക്ട് പ്രകാരം IMAGE (Indian Medical Association Goes Eco Friendly) എന്ന സ്ഥാപനത്തിന് താഴെ ചേർത്തിരിക്കും പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ രസീതുകളോ, യു.ടി.ആർ പത്രികകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. രസീതുകളോ യു.ടി.ആർ പത്രികകളോ ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ 23484/-രൂപ തടസ്സപ്പെടുത്തുന്നു.

| വൗച്ചർ നമ്പർ /തീയതി | തുക |
|---|---|
| 22000122 /10.06.20 | 6588 |
| 22000290 /25.08.20 | 3348 |
| 22000558 /07.01.21 | 2800 |
| | |

| | |
|---|---|
| 22000244 /06.08.20 | 3240 |
| 22000732 /18.03.21 | 700 |
| 22000724 /16.03.21 | 6808 |
| ആകെ | 23,484 |

ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച തുകയായ 23,484/- രൂപ തടസ്സപ്പെടുത്തുന്നു.

ബി) വൗച്ചർ നം. 22000582/18.01.21 പ്രകാരം 13220/- രൂപ ടി പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ട്രഷറി ബിൽ പ്രകാരം ടി തുക നൽകിയിട്ടുള്ളത് ഹോസ്പിറ്റൽ ഡവലപ് മെന്റ് കമ്മറ്റിയുടെ 0717101051745 എന്ന ബാങ്ക് അക്കൗണ്ടിലേക്കാണ്. എന്നാൽ ടി വൗച്ചറിൽ ഉള്ളത് IMAGE ന്റെ ബില്ലുകളാണ്. തുക എച്ച്.ഡി.സി. അക്കൗണ്ടിലേക്ക് കൈമാറിയത് സംബന്ധിച്ച് പ്രൊസീഡിംഗ്സോ മറ്റ് വിശദീകരണങ്ങളോ ഫയലിൽ ഇല്ല. ആയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

സി) ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് പദ്ധതിക്കായി താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം പാക്കിംഗിന് ആവശ്യമായ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ അവ സ്റ്റോക്കിലെടുത്ത വിവരങ്ങൾ ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| വൗച്ചർ നം. / തീയതി | തുക |
|---|---|
| 22000314/15.09.20 | 8449 |
| 22000732/18.03.21 | 8913 |
| 22000787/29.03.21 | 3630 |
| 22000543/06.01.21 | 2213 |

(ഓഡിറ്റ് എൻക്വയറി നം.20/24.12.21)

## 1-21 പെയിൻ & പാലിയേറ്റീവ് പദ്ധതി- ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2020-21 വർഷം നടപ്പാക്കിയ പെയിൻ & പാലിയേറ്റീവ് (പ്രൊജക്ട് നമ്പർ - 69/21) എന്ന പദ്ധതി പ്രകാരം 687661/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ടി തുക ഗ്രാമപഞ്ചായത്തുകളുടെ റിക്വിസിഷൻ പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ യു.ടി.ആർ സ്റ്റേറ്റ് മെന്റുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ പ്രൊജക്ടിന് ചെലവഴിച്ച 687661/- രൂപ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം.20/24.12.2021)

## 1-22 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2020-21 വർഷത്തെ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | പ്രോജക്ടിന്റെ പേരുവിവരം | വൗച്ചർ നം | തിയതി | തുക | തുക കൈപ്പറ്റിയ ഗ്രാമപഞ്ചായത്ത്/ സ്ഥാപനം | ഫണ്ട് വിവരം |
|---|---|---|---|---|---|---|
| 1 | 4/21 IKM വിഹിതം നല്കൽ | 22000109 | 11.05.20 | 61424 | IKM | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 2 | 94/21 പാഴിയോട്ടുമുറി എസ്.സി. കോളനി പകൽവീട് | 22000084 | 12.04.20 | 12,00,000 | കടങ്ങോട് | വികസന ഫണ്ട് (പൊ.സാ.വിഹിതം)SCP |
| 3 | 96/21 എൻ.എച്ച്. | 22000078 | 11.04.20 | 10,00,000 | കടവല്ലൂർ | വികസന ഫണ്ട് (പൊ.സാ.വിഹിതം)ജനറൽ |

| | | | | | | |
|---|---|---|---|---|---|---|
| | കടവല്ലൂർ അമ്പലം ബൈപാസ് റോഡ് | | | | | |
| 4 | 98/21 ലൈഫ് ഭവനപദ്ധതി-ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം വാങ്ങൽ (SCP) | 22000085 | 12.04.20 | 7,30,000 | കടവല്ലൂർ | വികസന ഫണ്ട് (പൊ.സാ.വിഹിതം)SCP |

മേൽ പരാമർശിച്ച പ്രോജക്കുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.17/23.12.21)

## 1-23 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൌണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക്പഞ്ചായത്തിൽ 2020-21വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ (മൊത്തം 42861/- രൂപ) ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. ആയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

| ക്രമ നം | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | ഇൻവോയ്സ് നം. | തുക |
|---|---|---|---|---|---|
| 1 | 22000201 | 7.8.20 | ദേശാഭിമാനി | TCR/2021/0199/20.05.20 | 8,400 |
| 2 | 22000201 | 7.08.20 | ദേശാഭിമാനി | TCR/2020/3511/18.03.20 | 7,728 |
| 3 | 22000419 | 13.11.20 | ദേശാഭിമാനി | TCR/2021/0985/15.08.20 | 6,300 |
| 4 | 22000419 | 13.11.20 | ദേശാഭിമാനി | TCR/2021/1461/30.09.20 | 8,400 |
| 5 | 22000667 | 12.03.21 | ദേശാഭിമാനി | TCR/2021/2894/20.02.21 | 6,300 |
| 6 | 22000667 | 12.03.21 | മാതൃഭൂമി | RO No.A354/2020/19.02.21 | 5733 |

പത്രസ്ഥാപനങ്ങൾക്ക് പരസ്യം നല്കുമ്പോൾ സർക്കാർ നിർദ്ദേശപ്രകാരം അർഹതപ്പെട്ട കിഴിവ് നേടിയെടുക്കുന്നതിന് നടപടികൾ ഉണ്ടാവേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 26/24.12.21)

## 1-24 വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പ്രോജക്കുകൾ രേഖകൾ ലഭ്യമല്ലാത്തതിനാൽ പരിശോധിക്കാനായില്ല

വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ 98/20 എസ്.സി. വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങലും ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനവും എന്ന പദ്ധതിയ്ക്ക് വികസനഫണ്ട് എസ്.സി.പി.യിൽ നിന്നും ₹7,80,000/- (വൗച്ചർ നം.21900126/17.04.19 തുക 25,000/, 21900127/17.04.19 തുക 3,00,000/, 21900386/21.08.19 തുക 35,000/, 21900472/26.09.19 തുക 4,20,000/) ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഫയലും അനുബന്ധ രേഖകളും, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ഡി.വൈ.എസ്.പി. ഓഫീസ്, തൃശ്ശൂരിലേയ്ക്ക് 05.11.21ന് ഹാജരാക്കിയിട്ടുള്ളതിനാൽ പ്രോജക്ക് സംബന്ധിച്ച ചെലവ് രേഖകൾ ഓഡിറ്റിൽ പരശോധിക്കാനായിട്ടില്ല. ടി ഓഫീസിൽ നിന്നും രേഖകൾ ലഭ്യമാവുന്നതിന് അനുസൃതമായി അവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-25 തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക സുലേഖ ചെലവുപത്രികയിൽ നിന്നും ഒഴിവാക്കി

2020-21 വർഷത്തെ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായപ്രോജക്ട് നം.137/21 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററിൽ മെഷിനറി സ്ഥാപിക്കൽ എന്ന പദ്ധതിൽ സുലേഖ സ്റ്റേറ്റ്മെന്റിൽ മറ്റുള്ളവയിൽ 9 ലക്ഷം രൂപ

വകയിരുത്തിയിരുന്നെങ്കിലും ചെലവ് രേഖപ്പെടുത്തികാണുന്നില്ല, എന്നാൽ വൗച്ചർ നം.22000297/24.09.20 പ്രകാരം ₹5,25,508/- ചെലവുണ്ട്. എന്നാൽ ഈ ചെലവ് സുലേഖ ചെലവുപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം അറിയിച്ചിട്ടില്ലാത്തതാണ് (ഓഡിറ്റ് എൻക്വയറി നം.16/23.12.21). ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-26 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

**07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.**

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ല്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 09/22.12.21.)

## 1-27 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല</u>

2012 ലെ പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

<u>2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.</u>

പുതുക്കിയ പിഡബ്ല്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

<u>3) പൊതുമരാമത്ത് പണിയുടെ ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുന്നില്ല</u>

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17(3) പ്രകാരം, പൊതുമരാമത്ത് പണിയുടെ ഡിസ് പ്ലേ ബോർഡുകൾ പണിസ്ഥലത്ത് പ്രദർശിപ്പിക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

4) ആസ്തിയുടെ യുണീക്ക് നംപർ പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നില്ല. അതുകാരണം ആസ്തിയുടെ അസ്ഥിത്വം ഉറപ്പിക്കാനാവുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 09/22.12.21.)

## <u>1-28 ആത്രശ്ശേരി കോളനി കുടിവെള്ള പദ്ധതി (കാട്ടകാമ്പാൽ ഗ്രാ. പ)- അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.</u>

| | |
|---|---|
| പ്രൊജക്ട് നമ്പർ | 36/20, 87/21 |
| പ്രൊജക്ട് | ആത്രശ്ശേരി കോളനി കുടിവെള്ള പദ്ധതി (കാട്ടകാമ്പാൽ ഗ്രാ. പ) |
| സാങ്കേതികാനുമതി | 29547/2019-20 |
| സാങ്കേതികാനുമതി | LSGD/TS/2019-20/57440 Dtd. |

| | |
|---|---|
| ഉത്തരവ് | 31.07.19 |
| സാങ്കേതികാനുമതി തുക | 10,00,000 രൂപ |
| കരാറുകാരൻ | ശ്രീ. നന്ദനൻ.എം |
| കരാർ നിരക്ക് | 568974.48 |
| കരാർ ഉടമ്പടി | 01/AE/CHNR/2019-20 Dtd. 25.09.19 |
| എം.ബുക്ക് | 25/19-20 |
| വൗച്ചർ നംപർ, തുക | 22000089/12.04.20 = 80815 (SCP ) |

പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 14 എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്ത ഈ പദ്ധതി പ്രവർത്തനത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പദ്ധതിക്കാവശ്യമായ കുഴൽകിണർ, വാട്ടർ ടാങ്ക്, പമ്പ് ഹൗസ് എന്നിവ പുറമ്പോക്ക് ഭൂമിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. 08/05/19 ലെ കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടതനുസരിച്ച് കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് 22.06.19 ലെ തീരുമാനം 5(1) പ്രകാരം പ്രോജക്ട് നടത്തിപ്പിനായി NOC നൽകിയിട്ടുണ്ട്.

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് 17/10/19 ലെ കത്ത് പ്രകാരം സ്ഥാനനിർണ്ണയം നടത്തിയത് " By The Side Of Attrassery Road About 3 Metre South From Electric Post No. PZI/NDY/5/9" എന്നിടത്താണ്. ഇവിടെ കുഴിച്ച കുഴൽ കിണറിന് മേൽ വിവരിച്ചപ്രകാരം ആദ്യബിൽതുക അനുവദിച്ചിട്ടുണ്ട്. കിണർ ഡ്രൈ ആണെന്നാണ് ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം കാണുന്നത്. എന്നാൽ പ്രോജക്ട് നടത്തിപ്പിനായി ഉപയോഗപ്പെടുത്തുന്ന ഭൂമിയുടെ ആസ്തി നമ്പർ, ഇനി സർക്കാർ പുറമ്പോക്കാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി പത്രം, ഗുണഭോക്താക്കൾ (ഗുണഭോക്തൃസമിതി ) പ്രോജക്ട് പ്രകാരം സൃഷ്ടിക്കുന്ന ആസ്തി ഏറ്റെടുത്ത് നടത്തുന്നതിന് തയ്യാറാണെന്ന് അറിയിച്ചിട്ടുള്ള സമ്മതപത്രം എന്നിവ ലഭ്യമായതായി കാണുന്നില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രവൃത്തി ഉപേക്ഷിക്കപ്പെട്ടതിനാൽ മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 11/22.12.21)

## <u>1-29 കുടിവെള്ള പദ്ധതി കൈമാറിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.</u>

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് 97/21 നമ്പറായി 6,43,732രൂപ (വൗച്ചർ നമ്പറുകൾ 22000094/12.04.20 = 84517, 22000530/10.11.20 = 433755, 22000736/22.03.21 = 125460 DF SCP) ചെലവഴിച്ച് പൂർത്തീകരിച്ച മുന്നോടിപറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി (കടവല്ലൂർ ഗ്രാ.പ) ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന് കൈമാറാൻ 04.11.20 ലെ ഭരണസമിതി തീരുമാനം 2(6) പ്രകാരം നിശ്ചയിച്ചിരുന്നു. എന്നാൽ കരാറിൽ ഏർപ്പെട്ട് ഗുണഭോക്തൃസമിതിക്കോ, ഗ്രാമ പഞ്ചായത്തിനോ ഈ കുടിവെള്ള പദ്ധതി കൈമാറിയതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്. കുടിവെള്ള പദ്ധതി കൈമാറിയതിന്റെ വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ പ്രഥമമറുപടിയിൽ ചേർക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.12/22.12.21)

## <u>1-30 കോടശ്ശേരി പടിഞ്ഞാറെ കോളനി കുടിവെള്ള പദ്ധതി (വേലൂർ ഗ്രാ. പ) – പൂർത്തീകരണത്തിന് ശേഷം കൈമാറിയതിന് രേഖകൾ ഹാജരാക്കിയില്ല.</u>

| | |
|---|---|
| പ്രൊജക്ട് നമ്പർ | 40/20, 89/21 |
| പ്രൊജക്ട് | കോടശ്ശേരി പടിഞ്ഞാറെ കോളനി കുടിവെള്ള പദ്ധതി (വേലൂർ ഗ്രാ. പ) |
| സാങ്കേതികാനുമതി | 28910/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/49888 Dtd. 30.07.19 |
| സാങ്കേതികാനുമതി തുക | 10,00,000 രൂപ |
| കരാറുകാരൻ | ശ്രീ. നന്ദനൻ.എം |

| | |
|---|---|
| കരാർ നിരക്ക് | 700834.46 |
| കരാർ ഉടമ്പടി | 10/AE/CHNR/2019-20 Dtd. 28.11.19 |
| എം.ബുക്ക് | 34/19-20, 05/2020-21 |
| വൗച്ചർ നംപർ, തുക | 22000095/12.04.20 = 98523 (SCP ) 22000533/11.11.20 = 839412 (SCP ) |

പൂർത്തീകരിച്ച ഈ കുടിവെള്ള പദ്ധതി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന് കൈമാറാൻ 04.11.20 ലെ ഭരണസമിതി തീരുമാനം 2(6) പ്രകാരം നിശ്ചയിച്ചിരുന്നു. എന്നാൽ കരാറിൽ ഏർപ്പെട്ട് ഗുണഭോക്തൃസമിതിക്കോ, ഗ്രാമ പഞ്ചായത്തിനോ ഈ കുടിവെള്ള പദ്ധതി കൈമാറിയതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്. കുടിവെള്ള പദ്ധതി കൈമാറിയതിന്റെ വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ പ്രഥമമറുപടിയിൽ ചേർക്കേണ്ടതാണ്.

(ഓഡിറ്റ്എൻക്വയറി നം. 13/23.12.21)

## 1-31 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ - കെട്ടിടനിർമ്മാണം - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 148/20, 108/21 |
| പ്രൊജക്റ്റ് | റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ |
| സാങ്കേതികാനുമതി | 70320/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/89528 Dtd. 30.09.19 |
| സാങ്കേതികാനുമതി തുക | 15,00,000 രൂപ |
| കരാറുകാരൻ | ശ്രീ. ബിനീഷ്.എ.ബി |
| കരാർ നിരക്ക് | 1238913.98 |
| കരാർ ഉടമ്പടി | 15/AE/CHNR/2019-20 Dtd. 31.12.19 |
| എം.ബുക്ക് | 24/19-20, 51/19-20 |
| ചെക്ക് നമ്പർ, തുക | 02061723/28.02.20 = 490806 ( Nirmal Puraskar) 02061726/08.10.20 = 908580 ( Nirmal Puraskar) |

സമീപപ്രദേശങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരിച്ച് സൂക്ഷിച്ച് ആയത് ഷ്രെഡിംഗ് നടത്തുന്നതിനും മെഷീൻ സ്ഥാപിക്കുന്നതിനുമായി ബ്ളോക്ക് പഞ്ചായത്ത് കോംപൗണ്ടിൽ ഒരു ബിൽഡിംഗ് നിർമ്മാണമാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടത്. ഈ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ഇത്തരം കേന്ദ്രങ്ങളുടെ നിർമ്മാണത്തിനായി ഒരു മോഡൽ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ അംഗീകരിച്ച് 12.02.19 ലെ സ.ഉ(സാധാ) നം. 306/19/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയ എസ്റ്റിമേറ്റ് മാതൃക സ്വീകരിച്ചതായി കാണുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കാരണം വ്യക്തമാക്കിയിട്ടുമില്ല.

2) കരാർ പ്രകാരം കരാറുകാരന് അർഹതപ്പെട്ട പരമാവധി പ്രവൃത്തി മൂല്യം 1238913.98 രൂപയും 12% ജി.എസ്.ടി Compensation ഉം ആണ്. ഇതനുസരിച്ച് കരാറുകാരന് ബിൽ തുക അനുവദിക്കാൻ പരിഗണിക്കേണ്ട പരമാവധി തുക 1387583.65 അതായത് 1387584രൂപയാണ്. എന്നാൽ എം ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം കരാറുകാരന് ബിൽ തുക അനുവദിക്കാൻ പരിഗണിച്ച പ്രവൃത്തി മൂല്യം 1249452 രൂപയും 12% ജി.എസ്.ടി Compensation 149934.24 രൂപയും ചേർത്ത് ആകെ മൂല്യം 1399386.24 അതായത് 1399386രൂപയാണ്. ഇതിലേക്കായി മേൽ വിവരിച്ച പ്രകാരം ആകെ 1399386 (490806 + 905580) രൂപ ചെലവഴിച്ചു. അതായത് കരാറിൽ ഏർപ്പെട്ട തുകയായ 1387584 (12% ജി.എസ്.ടി

Compensation സഹിതം) രൂപക്ക് പകരം 1399386 രൂപ കരാറുകാരന് ബിൽ തുക അനുവദിക്കാൻ പരിഗണിച്ചു. ഇത് ക്രമത്തിലല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നംപർ 21/24.12.21)

## <u>1-32 ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ബെയിലിംഗ് മെഷീൻ - ഉപയോഗത്തിലില്ല</u>

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് അതിന്റെ കോംപൗണ്ടിൽ സമീപ പ്രദേശങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് ഷ്രെഡിംഗ് നടത്തുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പിലാക്കുകയുണ്ടായി. പ്രസ്തുത പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി കെട്ടിട നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് 13,99,386 രൂപ 2019-20, 2020-21 (പ്രോജക്ട് നംപർ 148/20, 108/21) വർഷങ്ങളിലായി ചെലവഴിച്ചു. ഇപ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം വൈദ്യുതീകരിക്കുന്നതിനായി 2020-21 ൽ 2,55,280 രൂപയും (പ്രോജക്ട് നംപർ 155/21) ചെലവഴിച്ചു. ക്ലീൻ കേരളാ കമ്പനി മുഖേന ഷ്രെഡിംഗ് മെഷീന് പകരം ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി 5,34,492 രൂപയും (പ്രോജക്ട് നമ്പർ 137/21) ചെലവഴിച്ചു. ഇപ്രകാരം ആകെ ഈ പദ്ധതി പ്രവർത്തനത്തിനായി 21.89 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് കോംപൗണ്ടിൽ തന്നെയുള്ള ഈ കെട്ടിടത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ബാച്ച് 22.12.2021 ന് സന്ദർശിക്കുകയുണ്ടായി. ഫയൽ പരിശോധനയുടേയും പ്രസ്തുത സന്ദർശനത്തിന്റെയും ഭാഗമായി ബോദ്ധ്യപ്പെട്ട താഴെ ചേർക്കുന്ന അപാകതകൾക്ക് മറുപടി നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നം.22/24.12.21 പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

1) കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള ബെയിലിംഗ് മെഷീൻ ഉപയോഗിച്ച് പ്രവർത്തനം നടക്കുന്നില്ല.

2) മെഷീൻ 06.10.2020 ന് ഇൻസ്റ്റാൾ ചെയ്തതായാണ് ഫയൽ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും മെഷീൻ ലോഗ് സൂക്ഷിച്ചിട്ടില്ല.

3) വൈദ്യുതി കണക്ഷൻ ഉപയോഗത്തിൽ ഇല്ല.

4) ക്ലീൻ കേരളാ കമ്പനിയും സ്ഥാപനവുമായി തീയതി വെക്കാതെ ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ പ്രകാരം (ക്ലോസ് 19) വാറന്റി കാലാവധി 1 വർഷമാണ്. വൈദ്യുതി കണക്ഷൻ ഉപയോഗത്തിൽ ഇല്ലാത്തതിനാൽ മെഷീൻ പ്രവർത്തിപ്പിക്കാത്തതിനാലും, മെഷീൻ ലോഗ് സൂക്ഷിക്കാത്തതിനാലും മെഷീന്റെ പ്രവർത്തനക്ഷമത ഉറപ്പാക്കാൻ സാധിക്കുന്നില്ല.



പ്രസ്തുത എൻക്വയറിക്കുള്ള മറുപടിയായി, മെഷീൻ പ്രവർത്തന ക്ഷമമാണെന്നും, ബെയിലിംഗ് മെഷീൻ ഉപയോഗിച്ച് പ്രവർത്തനം എത്രയും പെട്ടെന്ന് പുനരാരംഭിക്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. 21.89 ലക്ഷം രൂപ പൊതുപണം ചെലവഴിച്ചിട്ടും പദ്ധതിപ്രവർത്തനം വിഭാവനം ചെയ്ത ഉദ്ദേശ്യലക്ഷ്യം നേടാൻ സാധിക്കാതെ പോയത് കൃത്യമായ അസറ്റ് മാനേജ്മെന്റ് പ്ലാനിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

അതിനാൽ അസറ്റ് മാനേജ്മെന്റ് മാന്വൽ വ്യവസ്ഥപ്രകാരം പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും 21.89 ലക്ഷം രൂപ പൊതുപണം ചെലവഴിച്ചത് പാഴായിട്ടില്ലെന്ന് ബ്ലോക്ക് പഞ്ചായത്തും, അസിസ്റ്റന്റ് കമ്മീഷണർ (ജനറൽ) തൃശ്ശൂരും ഉറപ്പാക്കേണ്ടതും ആണ്.

## <u>1-33 MORD സ്പെസിഫിക്കേഷൻ 800 ലെ ആവശ്യകതയേക്കാൾ കൂടുതൽ അളവിൽ Dry Aggregate ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - നിരക്ക് ഉയർന്ന് നിൽക്കുന്നു</u>

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 44/20, 90/21 |
| പ്രൊജക്റ്റ് | പൊന്നം കോളനി റോഡുകളുടെ വികസനം (പോർക്കുളം ഗ്രാമ പഞ്ചായത്ത്) |
| സാങ്കേതികാനുമതി | 29910/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/49888 Dtd. 30.07.19 |
| സാങ്കേതികാനുമതി തുക | 10,00,000 രൂപ |
| കരാറുകാരൻ | ശ്രീ. മോഹനൻ.പി |
| കരാർ നിരക്ക് | 853940.54 |
| കരാർ ഉടമ്പടി | 09/AE/CHNR/2019-20 Dtd. 21.11.19 |
| എം.ബുക്ക് | 23/19-20, 28/19-20 |
| വൗച്ചർ നമ്പർ, തുക | 22000090/12.04.20 = 497549 (SCP)<br>22000092/12.04.20 = 276854 (SCP) |

മേൽ പ്രവൃത്തിയിൽ ഇനം 2-05പ്രവൃത്തി P.C.C Grade M20 Nominal Mix(1:2:4) സിമന്റ് കോൺക്രീറ്റ് ആണ്. MORD സ്പെസിഫിക്കേഷൻ 800, 1200 എന്നിവയെ ആധാരമാക്കി തയ്യാറാക്കിയതാണ് ഈ ഇനം പ്രവൃത്തിയുടെ ഡാറ്റ. എസ്റ്റിമേറ്റ് പ്രകാരം ഈ ഇനം പ്രവൃത്തിക്ക് അംഗീകരിച്ചിരിക്കുന്ന നിരക്ക് 7549.93/M³ ആണ്. പ്രസ്തുത ഡാറ്റയുടെ വിശദവിവരം താഴെ ചേർക്കുന്നു. ( Unit = Cum )

| **Material/Labour** | **Unit** | **Quantity** | **Rate (Rs)** | **Cost(Rs)** |
|---|---|---|---|---|
| A) Material | | | | |
| Cement | Tonne | 0.33 | 5792.24 | 1911.44 |
| Sand | Cum | 0.45 | 1303.77 | 586.7 |
| 40 Mm Aggregate | Cum | 0.36 | 1362.79 | 490.6 |
| 20 Mm Aggregate | Cum | 0.36 | 1403.77 | 505.36 |
| 10 Mm Aggregate | Cum | 0.18 | 1403.77 | 252.68 |
| B) Labour | | | | |
| Mate | Day | 0.08 | 407.00 | 32.56 |
| Mason(1st Class) | Day | 0.10 | 487.00 | 48.70 |
| Mazdoor(Unskilled) | Day | 1.63 | 368.00 | 599.84 |
| Bhisti | Day | 0.27 | 407.00 | 109.89 |
| C) Machinery | | | | |
| Concrete Mixer 0.28/0.4cum Capacity<br>Formwork@4% On (A+B+C) | Hour | 0.4 | 100.00 | 40.00 |
| Cost Of 1 Cum 4760.88 | | | | |
| Add Overhead @ 10% 476.08 | | | | |
| Add Contractors Profit @ 10% 523.69 | | | | |
| Cost Index @ 31.06% 1789.26 | | | | |
| | | | | |

| |
|---|
| Total With Cost Index 7549.93 |
| Say 7549.93 |

ഈ ഡാറ്റ പ്രകാരം സിമന്റ് കോൺക്രീറ്റിന് Fine Aggregate (Sand) 0.45m³ ഉപയോഗിക്കുമ്പോൾ Coarse Aggregate 0.90m³ ( 0.36 + 0.36 + 0.18 ) ആണ് ഉപയോഗിച്ചിരിക്കുന്നത്. ഉപയോഗിച്ചിരിക്കുന്ന സിമന്റിന്റെ അളവ് 330 Kg (0.33 Metric Tonne ) ആണ്. MORD സ്പെസിഫിക്കേഷൻ 800 അനുസരിച്ച് (ടേബിൾ 800.6) P.C.C Grade M20 Nominal Mix സിമന്റ് കോൺക്രീറ്റിന് 50 Kg സിമന്റ് ഉപയോഗിക്കുമ്പോൾ Dry Aggregate ന്റെ Mass (Fine Aggregate + Coarse Aggregate) 250 Kg മതിയാകുന്നതാണ്. എന്നാൽ മേൽ ഡാറ്റയിൽ 330 Kg സിമന്റിന് ഉപയോഗിച്ചിരിക്കുന്ന Dry Aggregate ന്റെ Mass 2812.50 Kg ആണ് ( Density Of Fine Aggregate ഏറ്റവും ചുരുങ്ങിയത് 1450 Kg/M³, Density Of Coarse Aggregate ഏറ്റവും ചുരുങ്ങിയത് 2400 Kg/M³ ആണെന്നിരിക്കെ Dry Aggregate ന്റെ Mass = (0.45 X 1450) + (0.90 X 2400) = 652.5 + 2160 = 2812.50 ). അതായത് MORD സ്പെസിഫിക്കേഷൻ 800 അനുസരിച്ച് (ടേബിൾ 800.6), 330 Kg സിമന്റ് ഉപയോഗിക്കുമ്പോൾ Dry Aggregate ന്റെ Mass 1650 Kg മതിയെന്നിരിക്കെ 2812.50 Kg ഉപയോഗപ്പെടുത്തേണ്ട ആവശ്യകത ഇല്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഡാറ്റയിൽ ഉപയോഗപ്പെടുത്തുന്ന Fine Aggregate (Sand) ന്റെയും, Coarse Aggregate ന്റെയും അളവ് ആവശ്യമായതിലും കൂടുതൽ ആണെന്ന് ന്യായമായും കരുതാവുന്നതാണ്. ഇത് കാരണം ഈ ഇനം പ്രവൃത്തിയുടെ നിരക്ക് അർഹമായതിലും അധികം ഉയർന്ന് നിൽക്കുന്നു.

മേൽ അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.25/24.12.21)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത് | 2020-21 | 70062 | കണ്ടിക്കുളം പാടം തടയണ പുനരുദ്ധാരണം | 70062 | - |
| കടങ്ങോട് ഗ്രാമ പഞ്ചായത്ത് | | 2817844 | നബാർഡ് ആർ.ഐ.ഡി.എഫ്. ആദൂർ വെള്ളറക്കാട് ജി.പി.ഷെയർ | 98168 | 2719676 |
| വേലൂർ ഗ്രാമ പഞ്ചായത്ത് | | 70000 | പി.എം.എ.വൈ ജി.പി.ഷെയർ | 70000 | - |
| ചൂണ്ടൽ ഗ്രാമ | | 280000 | പി.എം.എ.വൈ | - | 280000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | ജി.പി.ഷെയർ | | |
| കടവല്ലൂർ ഗ്രാമ പഞ്ചായത്ത് | | 140000 | പി.എം.എ.വൈ ജി.പി.ഷെയർ | - | 140000 |
| കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത് | | 140000 | പി.എം.എ.വൈ ജി.പി.ഷെയർ | - | 140000 |
| പോർക്കുളം ഗ്രാമ പഞ്ചായത്ത് | | 140000 | പി.എം.എ.വൈ ജി.പി.ഷെയർ | - | 140000 |
| | ആകെ | 3657906 | | 238230 | 3419676 |

സാമ്പത്തിക വർഷത്തെ കണക്കുകൾ മാത്രമാണ് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്. ഇതു മൂലം വാർഷിക കണക്കുകളിലെ B4 പട്ടികയുമായി നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നുണ്ട് എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. വിഹിതങ്ങളുടെ നീക്കിയിരിപ്പ് തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾ ഇല്ല. സാമ്പത്തിക വർഷത്തെ വിവരങ്ങൾ മാത്രമാണ് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്. ഇതു മൂലം വാർഷിക കണക്കുകളിലെ B18 പട്ടികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഡെപ്പോസിറ്റ് വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ്

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89587459 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101134396 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 711145 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 6,87,661/- | ഡോ.വാസുദേവൻ, സി.എച്ച്.സി. ചൊവ്വന്നൂർ |
| 1-20 | 23,484/- | ഡോ.വാസുദേവൻ, സി.എച്ച്.സി. ചൊവ്വന്നൂർ |
| ആകെ | 7,11,145/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും മേൽ വിലാസവും | ഇപ്പോഴത്തെ മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.വാസുദേവൻ, സി.എച്ച്.സി. ചൊവ്വന്നൂർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ചൊവ്വന്നൂർ | തെക്കുവീട്ടിൽ ഹൗസ് തിരൂർ, മലപ്പുറം ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96, 96-97, 97-98 | എൽ.എഫ്.ടി.10 –187/99/ 19.7.99 |
| 98-99 | എൽ.എഫ്.ടി.21 – 2683/06, തി.23.5.07 |
| 99-2000 | എൽ.എഫ്.ടി.21 – 2684/06, തി. 22.6.07 |
| 2000-01 | എൽ.എഫ്.ടി.21 – 2685/06, തി. 24.5.07 |
| 01-02 | എൽ.എഫ്.ടി.21 – 2318/07, തി. 02.8.08 |
| 02-03 | എൽ.എഫ്.ടി.21 – 2317/08, തി. 02.8.08 |
| 03-04 | എൽ.എഫ്.ടി.21 – 2316/08, തി. 02.8.08 |
| 04-05 | എൽ.എഫ്.ടി.21 – 817/09, തി. 20.7.10 |
| 05-06 | എൽ.എഫ്.ടി.21 – 812/09, തി. 20.7.10 |
| 06-07 | എൽ.എഫ്.ടി.21 – 813/09 തി. 20.7.10 |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി (ബി.പി)– 1875/2012, തി.2.2.13/ 13.5.13 |
| 11-12 | എൽ.എഫ്.ടി. (ബി.പി.)– 2102/2012, തി.8.4.14/ 1.7.14 |
| 12-13 | എൽ.എഫ്.ടി. (ബി.പി)– 1288/2014, തി.10.11.14/ 11.2.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി)1185/15 തിയ്യതി:15-10-15/08-12-15 |

| | |
|---|---|
| 2014-15 & 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി)622/17 തിയ്യതി:31-05-17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി1)1705/17 തിയ്യതി:27.11.17/03.01.2018 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി1)1960/18 തിയ്യതി:07.02.19/26.03.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി1)1032/19 തിയ്യതി:30.08.19/10.12.2019 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(പി5)354/2022 തിയ്യതി:20.04.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്